(ബി) എന്നാണ് ആക്ഷേപം കിട്ടിയത്;

(സി) പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് എന്തു നടപടി എടുത്തു;

(ഡി) പ്രസ്തുത വളം ഡിപ്പോ ആരുടെ മേൽനോട്ടത്തിൽ ആണ് ഇരിക്കുന്നത്;

(ഇ) അവിടെ വളം വിതരണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണ്;

(എഫ്) പഞ്ചായത്ത് പ്രസിഡണ്ടിന്ന് വല്ല ഉത്തരവാദിത്വവും ആക്കാര്യത്തിൽ ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വ്.

(ബി) ആക്ഷേപം കിട്ടിയത് ഫ ഫ ഫ ര വൃശ്ചികം ഫ ാംതീ ആണ്.

(സി) തക്കതായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ഡി) പഞ്ചായത്ത് പ്രസിഡണ്ട് അവർകളുടെ മേൽനോട്ടത്തിലാണ്.

(ഇ) പഞ്ചായത്ത് ഡെപ്പോ ക്ലാർക്കാണ് വളം വിതരണം നടത്തുന്നത്.

(എഫ്) വളം ഡെപ്പോവിന്റെ മേൽനോട്ടം പഞ്ചായത്ത് പ്രസിഡണ്ട് അവർകൾ ക്കായതുകൊണ്ട് വളം ഡെപ്പോ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും പ്രസിഡണ്ട് ഉത്തര വാദിയാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ആക്ഷേപം കിട്ടുന്നതിന്ന മുമ്പു പലപ്പോഴും ഈ സ്ഥ ലത്തുനിന്നുതന്നെ തിരുവിതാംകൂറിലേക്ക് വളം കടത്തിക്കൊണ്ടുപോയിട്ടുള്ളതായി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിക്കാം.

EXPENDITURE FROM 1ST CHINGAM 1124—SCHEDULE—PLACING OF

246. (175) **Mr. P. K. Krishnankutty Menon** *(Vellarapilli)*: Will Government be pleased to place on the table of this House a schedule of the several items of expenditure under different heads incurred by Government from 1st Chingam 1124 up to this date?

Mr. P. Govinda Menon *(Minister for Finance and Law)*:

The accounts of a month will not be ready before the end of the succeeding month. It is therefore not possible to prepare a statment of the accounts up to this date.

ANICUTS UNDER GOVERNMENT MANAGEMENT—ERUTHENPATHI VILLAGE—DETAILS REGARDING

247. (101) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗവർമ്മെണ്ട് സദയം മറുപടി പറയുമൊ.

(എ) ചിറവൂർ എരുത്തേമ്പതി വില്ലേജിൽ ഗവർമ്മെണ്ട് മാനേജുമെണ്ടിൽ എടുത്ത അണകളിൽനിന്നും വർഷംതോറും എന്തു പിരിവുണ്ട്; എന്തു ചിലവുണ്ട്; എന്തുവീതം ഉടമ സ്ഥന്മാർക്ക് കൊടുത്തിട്ടുണ്ട്;

(ബി) എത്ര കൊല്ലമായി ടി അണകൾ കൈവശമെടുത്തിട്ട്;

(സി) എത്ര കൊല്ലം കൈവശം വെച്ചിരിക്കാനാണ് ആലോചന;

(ഡി) എന്തിനായിട്ടാണ് കൈവശമെടുത്തത്; ആ ആവശ്യം ഇപ്പോൾ നിറവേ റി വരുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) കൊല്ലന്തോറും മുതലിന്ന മാറ്റമുണ്ട്. വിളവെടുക്കുന്നതനുസരിച്ചാണ് പി രിവും മുതലും. എല്ലാ കേസുകളിലും മുതൽ നിശ്ചയിച്ച കരാറുകൾ ഇല്ല. ഫ ഫ ഠ, ഫ ഫ ഫ, ഫ ഫ ഠ ഠ ഈ കൊല്ലങ്ങളിലെ മുതലും പിരിവും താഴെ കാണിച്ചിരിക്കുന്ന വിധമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly